കേരള സർക്കാർ
പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം : 13654/ജി3/2010/പൊവിവ.

തിരുവനന്തപുരം
തിയതി, 16/3/2010

പ്രേക്ഷിതൻ
ഗവൺമെൻറ് സെക്രട്ടറി

സ്വീകർത്താവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം

9667

സർ,

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - 12-ാം കേരള നിയമസഭ 14-ാം സമ്മേളനം, നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം 2117 - വൈദ്യുതാഘാതമേറ്റ് വിദ്യാർത്ഥിനി മരിക്കാനിടയായ സംഭവം - സംബന്ധിച്ച്

Acad. B

സൂചന: സർക്കാരിന്റെ 4/3/2010-ലെ ഇതേ നമ്പർ കത്ത്.

12-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ ബഹു.വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം 2117 - വൈദ്യുതാഘാതമേറ്റ് വിദ്യാർത്ഥി മരിക്കാനിടയായ സംഭവം- എന്ന നിയമസഭാ ചോദ്യത്തിന്റെ ഡി പിരിവിന് "സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ സ്കൂളുകൾക്കും കർശന നിർദ്ദേശം നൽകുന്നതാണെന്നും വൈദ്യുതി, വെള്ളം തുടങ്ങിയ സൗകര്യങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും എല്ലാ സ്കൂൾ അധികൃതർക്കും നൽകുന്നതാണെന്നും" എന്ന മറുപടിയാണ് നൽകിയത്. ആയതിനാൽ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനും വൈദ്യുതി, വെള്ളം തുടങ്ങിയ സൗകര്യങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകണമെന്ന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ജോസഫ് രാജൻ.എഫ്,
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കുവേണ്ടി.
ഫോൺ നം.04712518278

അംഗീകാരത്തോടെ

സെക്ഷൻ ആഫീസർ

Endt. No. Acd B1/11286/08/ഹ.സെ.വി. 22.05-2010
കേരള സർക്കാരിന്റെ 16-03-2010 ലെ 13654/ജി3/2010/പൊ.വി. നമ്പറിലുള്ള കത്തിലെ നിർദ്ദേശങ്ങൾ ഈ ആഫീസിൽ നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡയറക്ടർ
ഹയർ സെക്കന്ററി വിദ്യാഭ്യാസം